**തദ്ദേശ സ്വയം ഭരണ വകുപ്പ് സിറ്റിസൺ അസിസ്റ്റന്റ് - സ്ഥിരം അദാലത്ത് സംവിധാനം - ഉപജില്ലാ തല അദാലത്ത് സമിതി (എറണാകുളം -1)യുടെ നടപടി ക്രമം**

(ഹാജർ - രാജേഷ് വി. എസ്)

പരാമർശം - ഗ്രേസ് ചെറിയാൻ, നേരെ വീട്ടിലിന്റെ 13.11.2023-ലെ അപേക്ഷ.

**ഉത്തരവ് നമ്പർ - IVOC2/9847/2013(3)** **തീയതി - 23.11.2023**

നിലവിലുണ്ടായിരുന്ന വാണിജ്യ കെട്ടിടത്തിൽ വരുത്തിയ കൂട്ടിച്ചേർക്കലുകളുടെ കംപ്ലീഷൻ പ്ലാൻ 2017-ൽ തൃക്കാക്കര നഗരസഭയിൽ സമർപ്പിക്കുകയും എന്നാൽ കാർ പാർക്കിംഗ് എണ്ണം കുറവാണ്, ഒരു ഭാഗത്ത് സെറ്റ്ബാക്ക് കുറവാണ് എന്നീ കാരണത്താൽ കെട്ടിട നമ്പർ നഗരസഭ അനുവദിച്ചില്ലെന്ന് പരാമർശം പരാതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കാർ പാർക്കിംഗ് നിയമ പ്രകാരം ഉണ്ടെന്ന് കണ്ടെത്തിയ ബഹു. കേരള ഹൈക്കോടതി കാർ പാർക്കിംഗ് എണ്ണം കുറവാണ് എന്ന ന്യൂനത നിലനില്ക്കില്ലെന്ന് ഉത്തരവായിട്ടുള്ളതാണെന്നും അവശേഷിക്കുന്ന ന്യൂനതയായ സെറ്റ് ബാക്കിലെ കുറവ് ക്രമവത്ക്കരിക്കുന്നതിന് 73,000/- രൂപ അടക്കണമെന്ന് നഗരസഭ നിർദ്ദേശിച്ചിരുന്നുവെന്നും പരാതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് വായ്പയും സ്വകാര്യ ലോണുകളും വാങ്ങി 2017-ൽ പണി തീർത്ത കെട്ടിടത്തിന് നമ്പർ കിട്ടാത്തതുകൊണ്ട് ബാങ്ക് വായ്പ തിരിച്ചടവ് മുടങ്ങിയതിനാൽ ജപ്തി നടപടികൾ ആരംഭിക്കാനിടയുണ്ടെന്നും കെട്ടിടത്തിന്റെ പൂർത്തീകരണം 2 മാസം താമസിച്ചിട്ടില്ലായിരുന്നെങ്കിൽ 31.07.2017-ഓടുകൂടി ഈ അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കാമായിരുന്നുവെന്നും 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി ) ബില്ല് നിയമമായും പിന്നീട് ചട്ടമായും വരുന്നതുവരെ കാത്തിക്കാനുള്ള സാമ്പത്തിക ഭദ്രത തനിക്കില്ലാത്തതിനാൽ ടി കെട്ടിടത്തിന് താൽക്കാലിക നമ്പറെങ്കിലും അനുവദിച്ച് തുറന്ന് പ്രവർത്തിക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്നുമാണ് പരാതിയിൽ ഉന്നയിച്ചിട്ടുള്ളത്.

എറണാകുളം സീനിയർ ടൌൺ പ്ലാനറുടെ 29.09.2020-ലെ കത്തിൽ ശ്രീമതി. ഗ്രേസ് ചെറിയാന്റെ ഉടമസ്ഥതയിലുള്ള റെസിഡൻഷ്യൽ കം കൊമേഴ്സ്യൽ കെട്ടിടം ക്രമവത്ക്കരിക്കാനുള്ള തൃക്കാക്കര നഗരസഭ സെക്രട്ടറിയുടെ 29.05.2020-ലെ അപേക്ഷ പരിശോധിച്ചതിലെ ന്യൂനതകൾ അറിയിച്ചിട്ടുള്ളതാണ്. ഇതിന്റെ പകർപ്പ് പരാതിക്കാരിക്കും നൽകിയിട്ടുണ്ട്. തുടർന്ന് എറണാകുളം സീനിയർ ടൌൺ പ്ലാനർ 20.07.2022-ൽ പരാതിക്കാരിക്ക് നല്കിയ കത്തിൽ ചുവടെ വിവരിക്കുന്ന കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

1. 2018-ലെ കേരള മുനിസിപ്പാലിറ്റി (അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരിക്കൽ) ചട്ടങ്ങൾ പ്രകാരം 31.07.2017നു മുമ്പ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടങ്ങൾ മാത്രമെ ഈ ചട്ടങ്ങൾ പ്രകാരം ക്രമവത്ക്കരിക്കാൻ കഴിയൂ.
2. ടി നിർമ്മാണം 31.07.2017-നുശേഷമാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് ബഹു. ഹൈക്കോടതിയിൽ പരാതിക്കാരി ഫയൽ ചെയ്ത റിട്ട് പെറ്റീഷനിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ പരാതിക്കാരിയുടെ കെട്ടിടത്തിന് താല്ക്കാലിക നമ്പർ അനുവദിക്കണമെന്നും നഗരസഭ നിശ്ചയിക്കുന്ന ക്രമവത്ക്കരണ ഫീസ് സ്വീകരിക്കണമെന്ന അപേക്ഷ അനുവദിക്കാൻ കഴിയില്ലെന്ന് അദാലത്ത് തീരുമാനിക്കുന്നു.

രാജേഷ് . വി. എസ്.
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയം ഭരണ വകുപ്പ്
എറണാകുളം